കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

## 2014-15, 2015-16

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.)772/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ – 680 020

തീയതി : 27.05.2017, PIN : 680 020

e-mail.id :dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് – 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-4, 3-5 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരി പത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
3. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ (ബി.പി.)772/17 തിയ്യതി : 27.05.2017

## തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.11.15 മുതൽ 17.4.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2014-15, 2015-16 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ

പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുരേഷ് ബാബു വി , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.4.2017 മുതൽ 25.4.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ശിവൻ പി എ , ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സീനത്ത് പി എ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോമോൻ ഇ.കെ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. നിജ്ജ സി എസ്, ഓഡിറ്റർ |

| (ബി)നിർവ്വഹണാധികാരികൾ | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.എൻ.ശങ്കരൻ | 01.04.2014 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.15 മുതൽ 18.11.15 വരെ |
| | പി.സി. ശ്രീദേവി | 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ ടി.ജി.അഭിജിത്ത് | 01.04.2014 മുതൽ 10.02.2016വരെ |
| | നരേന്ദ്രനാഥ് (ഇൻ ചാർജ്ജ്) | 10.02.2016 മുതൽ 14.2.2016 വരെ |
| | സി.ജി. കമലകാന്ത പൈ | 15.2.2016 മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. കെ.എസ്.അജിത് കുമാർ | 01.04.2014 മുതൽ 21.09.2015 വരെ |

| | | |
|---|---|---|
| | ലീലാകൃഷ്ണൻ. എം. | 21.09.2015 മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസനഓഫീസർ | സീന. എ.പി. | 01.04.2014 മുതൽ 03.05.2014 വരെ |
| | സുജിത്ത്. എസ്. (അഡീ.ഇൻ ചാർജ്ജ്) | 04.05.2014 മുതൽ 10.06.2014 വരെ |
| | തസ്തിക ഒഴിവ് | 11.06.2014 മുതൽ 03.07.2014 വരെ |
| | സുഗുണൻ സി.ബി. (അഡീ.ഇൻ ചാർജ്ജ്) | 04.07.2014 മുതൽ 30.07.2014 വരെ |
| | സീന എ.പി. | 01.08.2014 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഐഡ ഫ്രാൻസിസ് | 01.04.2014മുതൽ 25.05.2015 വരെ |
| | അജിത. പി. എം. (അഡീ.ഇൻ ചാർജ്ജ്) | 26.05.2015മുതൽ 20.06.2015 വരെ |
| | ഐഡ ഫ്രാൻസിസ് | 21.06.2015മുതൽ 25.09.2015 വരെ |
| | എം കെ സജീവ് (അഡീ.ഇൻ ചാർജ്ജ്) | 26.09.2015മുതൽ 28.12.2015 വരെ |
| | സുനിൽകുമാർ കെ | 29.12.2015മുതൽ 31.03.2016 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി ,ആലപ്പാട് | ഡോ. ബിനി.കെ.ഗോപിനാഥ് | 01.04.2014 മുതൽ 24.06.2014 വരെ |
| | ഡോ. ഗീത കെ വി | 25.06.2014 മുതൽ 19.12.2014 വരെ |
| | ഡോ.സന്തോഷ് കുമാർ കെ എസ് | 20.12.2014 മുതൽ 31.05.2015 വരെ |
| | ഡോ. മിനി പി എം | 01.06.2015 മുതൽ 31.03.2016 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | അന്ന ജോബ് | 01.04.2014 മുതൽ 31.07.2015 FN വരെ |
| | ഗ്രെറ്റ കുര്യൻ (സൂപ്പർവൈസർ ഇൻ ചാർജ്ജ്) | 31.07.2015 AN മുതൽ 09.12.2015 FN വരെ |
| | സൂസൻ കെ എം | 9.12.2015 AN മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ടി.ഐ.മോഹനൻ | 01.04.2014 മുതൽ |

| | | |
|---|---|---|
| | | 31.05.2015 വരെ |
| | ഡോ.പ്രഭാകരൻ (അഡീ.ഇൻ ചാർജ്) | 01.06.2015 മുതൽ 25.08.2015 വരെ |
| | ഡോ.ലത മേനോൻ | 26.08.2015 മുതൽ 31.03.2016 വരെ |
| വ്യവസായ വികസന ഓഫീസർ | വി.ബി. ഉണ്ണികൃഷ്ണൻ | 01.04.2014 മുതൽ 31.03.2016 വരെ |
| ബ്ലോക്ക് ക്ഷീരവികസന ഓഫീസർ | എം.വി. ധർമ്മൻ | 01.04.2014 മുതൽ 13.04.2014 വരെ |
| | ബിത സി.വി. (ഇൻ ചാർജ്) | 13.04.2015 മുതൽ 27.04.2015വരെ |
| | എം.വി. ധർമ്മൻ | 27.04.2015 മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2 | |
| 9 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 2-1 |
| 10 | ലേലം നടത്തിപ്പ്-അപാകതകൾ | 2-2 |
| 11 | ബ്ളോക്ക് പഞ്ചായത്ത് കോമ്പൗണ്ട് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രീൻ ഫ്രണ്ട്സ് ഹരിത സേവാ വനിത സംഘത്തിൽ നിന്ന് വാടക ഈടാക്കുന്നില്ല,മുൻപ് പ്രവർത്തിച്ചിരുന്ന സംഘത്തിൽ നിന്നു വാടക കുടിശ്ശിക ഈടാക്കാതെ പ്രവർത്തനമവസാനിപ്പിച്ചു | 2-3 |
| | ഭാഗം 3 | |
| 12 | വാഹനപരിപാലനം-ലോഗ് ബുക്ക് ചട്ടപ്രകാരം സൂക്ഷിക്കുന്നില്ല | 3-1 |
| 13 | കമ്പ്യൂട്ടർ -ഹാർഡ് വെയർ, സോഫ്റ്റ് വെയർ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല,പ്രസിഡന്റിനും ബി ഡി ഒ യ്ക്കും ലാപ്ടോപ്പുകൾ വാങ്ങിയതു പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല | 3-2 |
| 14 | തനതുഫണ്ട് ചെലവ്-അപാകതകൾ | 3-3 |
| 15 | ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കണം | 3-4 |

| | | |
|---|---|---|
| 16 | കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു – ഗുരുതരമായ അനാസ്ഥ | 3-5 |
| 17 | എസ്.സി.പി.വിഹിതം കോളനിക്കുള്ളിലല്ലാത്ത റോഡിന് വേണ്ടി വിനിയോഗിച്ചു. | 3-6 |
| 18 | അന്തിക്കാട് ആശുപത്രി ഫാർമസി കെട്ടിടം നിർമാണം – അപാകതകൾ | 3-7 |
| 19 | ആലപ്പാട് സി.എച്ച്.സി.ശീതീകരണം - ഫ്രീ സർവ്വീസ് ആനുകൂല്യം മുതലാക്കിയില്ല. | 3-8 |
| 20 | കുടിവെള്ള പദ്ധതി വാട്ടർ ടാങ്കിനരികെ അപകട ഭീഷണിയായി തെങ്ങ് | 3-9 |
| 21 | സാക്ഷരത പത്താം തരം തുല്യത പരീക്ഷയുടെ കോഴ്സ് ഫീ നൽകൽ | 3-10 |
| 22 | വിളക്കുംപാടം കോളനി കുടിവെള്ള പദ്ധതി -അപാകതകൾ | 3-11 |
| 23 | താനിപറമ്പ് കുടിവെള്ളപദ്ധതി-അപാകതകൾ | 3-12 |
| 24 | ഐ.എ.വൈ.ഭവന നിർമ്മാണം -പരാമർശങ്ങൾ | 3-13 |
| 25 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-14 |
| ഭാഗം 4 | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 26.2.14 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും 2015-16 വർഷത്തെ ബജറ്റ് 28.3.15 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി/അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31-7-15 | 25-7-15/13-11-2015 |
| 2015-16 | 31-7-16 | 29-7-16/30-12-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

അപാകതയില്ല

## 1-4 സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 6,67,84,385/- |
| വരവ് | 8,75,26,869/- |

| | |
|---|---|
| ആകെ | 15,43,11,254/- |
| ചെലവ് | 11,19,33,924/- |
| നീക്കിയിരിപ്പ് | 4,23,77,330/- |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 4,23,77,330/- |
| വരവ് | 7,53,08,143/- |
| ആകെ | 11,76,85,473/- |
| ചെലവ് | 7,94,34,439/- |
| നീക്കിയിരിപ്പ് | 3,82,51,034/- |

# 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 336389 | 17807000 | 18143389 | 17290892 | 852497 | 95.3% |
| വികസനഫണ്ട് എസ്.സി.പി | 3042371 | 10873000 | 13915371 | 8873268 | 5042103 | 63.75% |
| വികസനഫണ്ട് ടി.എസ്.പി | 00 | 9000 | 9000 | 9000 | 00 | 100% |
| മെയിന്റനൻസ് ഗ്രാന്റ് | 2280470 | 1527030 | 3807470 | 3590266 | 217204 | 94.3% |
| ജനറൽപർപസ് ഗ്രാന്റ് | 1678357 | 2948207 | 4626564 | 2400728 | 2225836 | 51% |

2015-16

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | TCചെയ്ത തുക | RP 40b പ്രകാരം നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 852497 | 17364636 | 18217133 | 18217133 | 0 | - | 100 |
| വികസനഫണ്ട് എസ്.സി.പി | 5042103 | 9608653 | 14650756 | 14650756 | 3562344 | - | 100 |
| വികസനഫണ്ട് ടി.എസ്.പി | 00 | 9000 | 9000 | 9000 | 0 | - | 100 |
| മെയിന്റനൻസ് ഗ്രാന്റ് | 217204 | 1400601 | 1617805 | 1617805 | 0 | - | 100 |
| ജനറൽപർപസ് | 2225836 | 3000000 | 5225836 | 2134436 | - | 3091400 | 40.84% |

| ഗ്രാന്റ് | | | | | | | | |
|---|---|---|---|---|---|---|---|---|

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകരിച്ച പ്രോജക്ടുകളുടെ വിവരം താഴെക്കൊടുക്കുന്നു.

2014-15

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ % |
|---|---|---|---|---|---|---|
| 49 | 36185782 | 39 | 29988594 | - | 10 | 80% |

2015-16

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ % |
|---|---|---|---|---|---|---|
| 39 | 38562636 | 35 | 30932182 | - | 4 | 89.74% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം

വിവര ശേഖരണത്തിലൂടെ ലഭ്യമാക്കിയ കണക്കുകളിൽ നിന്ന് സ്ഥാപനത്തിന് തനതുവരുമാനത്തിൽ 14-15ൽ 97.56% വർദ്ധനവും 15-16 ൽ 68.84% കുറവും ഉണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം %ൽ |
|---|---|---|---|---|
| മറ്റ് വരവുകൾ (2014-15) | 11451 | 468502 | 457051 | (+) 97.56% |
| മറ്റ് വരവുകൾ (2015-16) | 468502 | 277471 | 191031 | (-)68.84% |

# 1-8 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.9.2016 – 5.10.2016 | 2015-16 | 1.12.2016 |
| എ.ജി.ഓഡിറ്റ് | 23.2.2017 – 25.2.2017 | 2015-16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

13.4.2016 ലെ 64391/4 രശീത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2006-07 ഖണ്ഡിക 3-5, 3-6 പ്രകാരമുള്ള റിക്കവറി തുക 3,300/- രൂപ 20.10.2016ലെ 64391/30 രശീത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1998/99 ഖണ്ഡിക 3-8 പ്രകാരമുള്ള റിക്കവറി തുക 1,200/- രൂപ യഥാക്രമം പ്രയർ പിരീഡ് ഇൻകം റിക്കവറി, ഓഡിറ്റ് റിക്കവറി എന്നീ ഹെഡിലേക്ക് വരികയും താന്ന്യം സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക്, ജി.പി.ജി. എന്നീ അക്കൗണ്ടുകളിലേക്ക് യഥാക്രമം അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

- സ്റ്റോക്ക് രജിസ്റ്റർ – 8/2013 മുൻപുള്ള വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

18/7/13ലെ ജി.ഒ. (എം.എസ്.) 255/തസ്വഭവ ഉത്തരവ് പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ കാലികമാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ നടത്തിയ അറ്റകുറ്റപ്പണികളുടെ തുക, കൂട്ടിചേർക്കലുകൾ, കുറവുവരുത്തലുകൾ തേയ്മാനവിവരങ്ങൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ആവശ്യമായ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 2-2 ലേലം നടത്തിപ്പിലെ അപാകതകൾ

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ലേലം നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു

- ലേലം രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ചിലത് ലേലമായും, ചിലത് ക്വട്ടേഷനുമായാണ് വിളിക്കുന്നത്. ക്വട്ടേഷൻ വിളിക്കുന്നതുമൂലം പ്രതീക്ഷിക്കുന്ന വരുമാനം ലഭിക്കണമെന്നില്ല.

- 3 വർഷത്തേക്കായി വിളിച്ച ക്വട്ടേഷന് ഇ എം ഡി യോ സെക്യൂരിറ്റി ഡെപ്പോസിറ്റോ ക്വട്ടേഷൻ എടുത്ത ആളിൽ നിന്നും അടവാക്കിയിട്ടില്ല (ഫല വൃക്ഷങ്ങളുടെ ക്വട്ടേഷൻ)

- ലേലം രജിസ്റ്ററിൽ എല്ലാ ലേലം/ക്വട്ടേഷനുകളും നടത്തിയ വിവരങ്ങളില്ല.

- വാർഷിക ഡി സി ബി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

- ലേല ഫയൽ എന്ന പേരിൽതന്നെ സൂക്ഷിച്ചിട്ടുണ്ട്. ഫയലിൽ ലേലനടപടികൾ സംബന്ധിച്ച ലേലഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

- 100 രൂപയുടെ മുദ്രപത്രം ആണ് ലേലക്കരാറിൽ ഉപയോഗിക്കുന്നത്

ലേലം രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ലേലങ്ങൾ

1. തൃപ്രയാർ ഗവ.ഹോസ്പിറ്റൽ, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ, ആലപ്പാട് സി.എച്ച്.സി. എന്നിവിടങ്ങളിൽ റീവയറിംഗ് നടത്തിയപ്പോൾ ഉണ്ടായ പാഴ്വസ്തുക്കളുടെ ലേലം നടത്തിയതിൽ അസി.എക്സി.എഞ്ചിനീയർ 2046 തനതുഫണ്ട് അക്കൗണ്ടിലേക്ക് 22.12.2014 ൽ ഇ എം ഡി ആയി ആകെ 420/- രൂപ (രശീത് ബുക്ക് 64389/ നം 62) യും 7.1.15 ൽ ലേലത്തുകയായി 4182/- യും അടയ്ക്കുകയുണ്ടായി.18.2.15 ൽ 153799നം ചെക്കുപ്രകാരം ഇ എം ഡി പിൻവലിച്ചിട്ടുണ്ട് എന്നാൽ ലേലം നടത്തിയ വിവരങ്ങൾ ലേലം രജിസ്റ്ററിൽ ലഭ്യമല്ല

ലേലത്തിനായി ലേല നിബന്ധനകൾ അടങ്ങിയ ബൈലോ തയ്യാറാക്കേണ്ടതാണ് ലേല തീയതി നിശ്ചയിച്ച് ലേലവിവരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും ലേല ദിവസം ലേലത്തിലെ നടപടിക്രമങ്ങൾ ലേല ഡയറിയിലെഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 2-3 ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രീൻ ഫ്രണ്ട്സ് ഹരിത സേവാ വനിത സംഘത്തിൽ നിന്ന് വാടക ഈടാക്കുന്നില്ല,മുൻപ് പ്രവർത്തിച്ചിരുന്ന ഭക്ഷ്യ സുരക്ഷാ കാർഷിക യന്ത്ര സേവന സംഘത്തിൽ നിന്നു വാടക കുടിശ്ശിക ഈടാക്കാതെ പ്രവർത്തനമവസാനിപ്പിച്ചു.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് കെട്ടിട മുറിയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഗ്രീൻ ഫ്രണ്ട്സ് ഹരിത സേവാ വനിതാ സംഘത്തിൽ നിന്ന് കെട്ടിട വാടക ഈടാക്കുന്നില്ല. മുൻപ് ഇതേ കെട്ടിട മുറിയിൽ പ്രവർത്തിച്ചിരുന്ന ഭക്ഷ്യ സുരക്ഷ കാർഷിക യന്ത്ര സേവന സംഘത്തിൽ നിന്നും വാടക 500 രൂപ വെച്ച് കുടിശ്ശിക അടക്കം ഈടാക്കുന്നതിനു ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി 30.1.2016ൽ നം 18(a) പ്രകാരം തീരുമാനം എടുത്തെങ്കിലും തീരുമാനം നടപ്പിലാക്കിയിട്ടില്ല. സ്ഥാപനം പ്രവർത്തനമവസാനിപ്പിക്കുകയും ചെയ്തു. 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-3ൽ ഈ സംഘത്തിൽ നിന്ന് വാടക ഈടാക്കാത്ത വിഷയം വിശദമാക്കിയിട്ടുള്ളതാണ്. വാടകയിൽ നിന്ന് സംഘത്തെ ഒഴിവാക്കിയതായ കമ്മിറ്റി തീരുമാനങ്ങളൊന്നും തന്നെ എടുക്കാതെയാണ് വനിതാ സംഘം 2010-11 മുതൽ ഇവിടെ അനധികൃതമായി പ്രവർത്തിച്ചുവന്നിരുന്നത്. സമീപ ബ്ലോക്കധീനതയിലുള്ള കെട്ടിടങ്ങളായ അക്ഷയ, വജ്ര വനിതാ കാന്റീൻ എന്നിവയിൽ നിന്നും 2500/-, 1375/-രൂപ നിരക്കിൽ വാടക ഈടാക്കുന്നുണ്ട്. പുതിയ വനിതാ സംഘവുമായി കരാർ ചമയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹന പരിപാലനം-ലോഗ് ബുക്ക് രജിസ്റ്റർ ചട്ട പ്രകാരം സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹനം KL-08-BA 2268 മഹിന്ദ്ര ബൊലീറോ 2013ന്റെ ലോഗ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

- 7/2016 മാസം മുതൽ മാസാവസാനം തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പും 10/2016 മുതലുള്ള ഓരോ യാത്രാവിവരവും ലോഗ്ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

- 10/2016 മാസം മുതൽ ഇന്ധനം നിറച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

- അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ, മൈലേജ് ടെസ്റ്റ് നടത്തിയ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

- ഓരോ മാസത്തെയും റണ്ണിംഗ് കി.മീ, ഇന്ധന ബാക്കി എന്നിവ കണക്കാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്

അപാകതകൾ ഒഴിവാക്കേണ്ടതും വാഹനപരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 170/07 ത സ്വ ഭ വ 30.6.07 പ്രകാരം ലോഗ്ബുക്ക് പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-2 കമ്പ്യൂട്ടർ -ഹാർഡ് വെയർ, സോഫ്റ്റ് വെയർ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല,പ്രസിഡന്റിനും ബി ഡി ഒ യ്ക്കും ലാപ് ടോപ്പുകൾ വാങ്ങിയതു പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല

സർക്കുലർ നമ്പർ 86/10 ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തനതു ഫണ്ടിൽ നിന്നും വാങ്ങിയ കമ്പ്യൂട്ടറുകളുടെ വിവരം MKSPയുടെ സ്റ്റോക്ക് രജിസ്റ്ററിലാണ് ചേർത്തിരിക്കുന്നത്. എന്നാൽ തനതു ഫണ്ട് ചെലവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല 85552/- രൂപയുടെ ചെലവു നടത്തിയിട്ടുള്ളത്. കമ്പ്യൂട്ടർ വാങ്ങലിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| വൗച്ചർ നമ്പർ | തുക | കമ്പ്യൂട്ടർ വാങ്ങലിന്റെ വിവരം |
|---|---|---|
| CB 65/14-15 | ചെക്ക് നം 1945693/23.8.14 (GPG A/c) 85552/- | റേറ്റ് കോൺട്രാക്റ്റിൽ Zeta IT Innovation Pvt Ltd Companyയിൽ നിന്നും പ്രസിഡന്റിനും ബി.ഡി.ഒ. യ്ക്കും Acer laptops ഓഫീസിലേക്കു വാങ്ങിയത് (GO(P)No1174/2014 LSGD dtd 16.5.14) |

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്

## 3-3 തനതുഫണ്ട് ചെലവ്-അപാകതകൾ

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ 2014-15 സാമ്പത്തിക വർഷത്തെ GPG യിൽ നിന്നുള്ള ചെലവുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുത്തിരിക്കുന്നു

1. ബഡ്സ് സ്കൂളിലേക്ക് ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതു വേണ്ടി GPG യിൽ നിന്നു 21650/- രൂപ ചെലവാക്കിയിട്ടുണ്ട്

CB No25/14-15 - 1945651/27.5.14 ചെക്കു മുഖേന CDPO,അന്തിക്കാട് 16000/-രൂപ പിൻവലിച്ച് ബാബു. കെ.സി., ഇലക്ട്രിക് കോൺട്രാക്റ്റർക്ക് (LC No 8026) നൽകി.

CB 37/14-15, ചെക്ക് നം 1945663/27.6.2014 പ്രകാരം മേൽപ്പറഞ്ഞ പ്രവൃത്തിക്കു ബാക്കി തുക 5650/- രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്.

എന്നാൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പ്രവൃത്തിക്കു ക്വട്ടേഷൻ വിളിക്കുകയോ ചെയ്തിട്ടില്ല

15876/- രൂപ വർക്കിനായും 4800+974= 5774/-രൂപ കൂലിയിനമായും ടി കോൺട്രാക്ടർ സ്വീകരിച്ചിട്ടുണ്ട്

2. അന്തിക്കാട് ബ്ലോക്ക് ഓഫിസിലെ പ്ലംബിംഗ് വർക്കുകൾക്കായി 11023/- GPG യിൽ നിന്നു ചെലവാക്കിയിട്ടുണ്ട്. പ്രവൃത്തി കരാർ വിളിച്ചല്ല നടത്തിയിട്ടുള്ളത് (CB No30/2014-15 chq No1945656 dt 10.6.14 തുക 15709/-)

3.അന്തിക്കാട് ബ്ലോക്ക് ഓഫീസ് പഴയ ബിൽഡിംഗ് സീലിംഗ് പൊളിച്ചു മാറ്റുന്നതിനായി 7500/- അഡ്വാൻസ് നൽകിയത് (CB 36/14-15 dt27.6.2014 ചെക്ക് നം 1945662)

നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പ്രവൃത്തിക്കു ക്വട്ടേഷൻ വിളിക്കുകയോ ചെയ്തിട്ടില്ല.5 ദിവസങ്ങളിലായി 600 രൂപ നിരക്കിൽ 4 പേർ പ്രവൃത്തി ചെയ്തിട്ടുണ്ട് (3000x4=12000/-) സ്കഫോൾഡ് + ഓട്ടോ വാടക 530/- ആകെ ചെലവ് 12530/- മേലിൽ ഇത്തരം പ്രവൃത്തികൾ ക്വട്ടേഷൻ പ്രകാരം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ബഡ്സ് സ്കൂൾ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കണം

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ആരംഭിച്ച ബഡ്സ് സ്കൂളിന്റെ ആവർത്തന ചെലവ് പദ്ധതി പ്രകാരം 2014-15, 2015-16 വർഷങ്ങളിലായി യഥാക്രമം 248382 രൂപ, 342852 രൂപ, ആകെ 591234 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുട്ടികൾക്കാവശ്യമായ കളിയുപകരണങ്ങൾ, ഫർണീച്ചറുകൾ, ഫസ്റ്റ് എയിഡ് സാധനങ്ങൾ മുതലായവ ആവശ്യത്തിനില്ലായെന്നും പരിസരമാകെ പുല്ലും കുറ്റിച്ചെടികളും വളർന്നു നിൽക്കുന്നതായും ഭൗതീക പരിശോധനയിൽ കണ്ടെത്തി. ഈ സാഹചര്യത്തിൽ ഇഴജന്തുക്കളുടെ ശല്യമുണ്ടാകാനുള്ള സാധ്യതയുള്ളതിനാലും, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളായതിനാലും പരിസരം വൃത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ പൂർത്തിയാക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി സർക്കുലർ നം 43145/എഫ്.എം/2010 ത.സ്വ.ഭ.വ തീയതി 26.7.2010നു വിധേയമായി റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതാണ്. 27.6.2014 ൽ ആരംഭിച്ച സ്കൂളിന്റെ പ്രവർത്തന കാലാവധി മൂന്നു വർഷം പൂർത്തിയാകുന്നതിനാൽ മേൽപറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഹരിച്ച് സ്കൂളിന്റെ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ബഡ്സ് സ്കൂളിൽ ഉപയോഗത്തിലിരിക്കുന്ന വാഹനം KL 08 BA 2966 TATA Venture ന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം നിറക്കുന്നതു ഫുൾടാങ്ക് കപ്പാസിറ്റിയിലല്ലായെന്നും ആയതു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ലായെന്നും കണ്ടെത്തി. തന്മൂലം ഇന്ധനക്ഷമതാ സാക്ഷ്യപത്രം പ്രകാരം ലഭിക്കേണ്ട ഇന്ധനക്ഷമത ലഭിക്കുന്നുണ്ടോയെന്നു പരിശോധിക്കാൻ സാധിച്ചിട്ടില്ല

## 3-5 കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു-ഗുരുതരമായ അനാസ്ഥ

2010-11, 11-12, 13-14 സാമ്പത്തിക വർഷങ്ങളിൽ വിവിധ പദ്ധതികളിലായി വാങ്ങിയ കാർഷീക യന്ത്രങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| വർഷം | ഇനം | എണ്ണം | വില (രൂപ) | ആകെ |
|---|---|---|---|---|
| 2010-11 | നടീൽ യന്ത്രം | 2 | 154000 | 308000 |
| 2011-12 | നടീൽ യന്ത്രം | 1 | 151000 | 151000 |
| 2013-14 | ടില്ലർ | 5 | 65000 | 325000 |

| | |
|---|---|
| ആകെ | 784000 |

മേൽപ്പറഞ്ഞിരിക്കുന്ന ഉപകരണങ്ങൾ ഭക്ഷ്യ സുരക്ഷ കാർഷിക യന്ത്ര സേവന സംഘം പെരിങ്ങോട്ടുകര, ഗ്രീൻ ഫ്രണ്ട്സ് ഹരിത സേവാ സംഘം പെരിങ്ങോട്ടുകര എന്നീ വനിതാ സംഘങ്ങൾക്കു കൈമാറിയിട്ടുണ്ട്. എന്നാൽ ഭൗതിക പരിശോധന നടത്തിയതിൽ മേൽപ്പറഞ്ഞിരിക്കുന്ന ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിക്കാതെ ബ്ലോക്കിന്റെ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. ഇതിനു പുറമെ ഇത്തരം യന്ത്രങ്ങളുടെ പ്രവർത്തനത്തിനായി 32 പേർക്ക് പരിശീലനം നടത്തിയതിന് കേരള കാർഷിക സർവ്വകലാശാലക്ക് 128000 രൂപ നൽകിയിട്ടുമുണ്ട്. ഇത്തരത്തിൽ വൻതുക ചെലവഴിച്ചതിന് ശേഷം യന്ത്രങ്ങൾ വെറുതെ കിടക്കുന്നതു മൂലം തുരുമ്പ് പിടിച്ച് പ്രവർത്തനക്ഷമമല്ലാതെയായിട്ടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. 3000ത്തിലധികം ഹെക്ടർ കൃഷിഭൂമിയുള്ള ബ്ലോക്ക് പരിധിയിൽ കാർഷിക പ്രവർത്തനങ്ങൾ ആയാസരഹിതമാക്കുന്നതിനുള്ള യന്ത്രങ്ങൾ വെറുതെ കിടന്നു നശിക്കുന്നതു ഗുരുതര അനാസ്ഥയാണെന്നു ഓഡിറ്റ് നിരീക്ഷിക്കുന്നു.

നെൽകൃഷിയുടെ വ്യാപ്തി അനുദിനം കുറഞ്ഞുവരുന്ന നമ്മുടെ സംസ്ഥാനത്ത് കാർഷിക പ്രവർത്തനങ്ങൾ നല്ല നിലയിൽ നടന്നുവരുന്ന തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ കാർഷിക പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്ന വേളയിൽ വാങ്ങുന്ന ഓരോ ഉപകരണവും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ മനസ്സിലാക്കുന്നതിൽ വന്നിരിക്കുന്ന വീഴ്ചയാണ് ഇതിനു കാരണമെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-6 എസ്.സി.പി.വിഹിതം കോളനിക്കുള്ളിലല്ലാത്ത റോഡിന് വേണ്ടി വിനിയോഗിച്ചു.

12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ (GO(MS)നം.362/13/LSGD/16/11/13) 9.3(ii) നിബന്ധനയനുസരിച്ച് പട്ടികജാതി കോളനിക്കുള്ളിലെ റോഡ് പ്രവൃത്തികൾക്ക് മാത്രമായി എസ്.സി.പി.ഫണ്ട് പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കോളനികളിലേക്കുള്ള റോഡിനായി ജനറൽ ഫണ്ടാണ് വിനിയോഗിക്കേണ്ടത്. എന്നാൽ താഴെ പറയുന്ന പദ്ധതികളിൽ പട്ടികജാതി കോളനികളിലേക്കുള്ള റോഡുകളുടെ പ്രവൃത്തികൾക്കുവേണ്ടി എസ്.സി.പി.ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്.

1.പ്രൊജക്റ്റ്നം.28/15, പുള്ള് – പടിഞ്ഞാറെ പട്ടിക കോളനി സമഗ്രവികസനം

അടങ്കൽ തുക – 500000

കരാറുകാരൻ – ശ്രീ.പി.വിനോദ്, പാലിശ്ശേരി ഹൗസ്, പറക്കാട് , വെളുത്തൂർ

കരാർ നം.2/14 – 15AEE/LSGD/AKD/11/12/14

അളവുപുസ്തകം -10/13-14

ബിൽ നം – 6/28/2/15-489589

210.6 മീറ്റർ റോഡ് സോളിങ്, മെറ്റലിങ്, ടാറിങിന് വേണ്ടിയാണ് മേൽപറഞ്ഞ തുക ചെലവഴിച്ചിരിക്കുന്നത്.

2.പ്രൊജക്റ്റ് നം.47/15-ആനക്കാട് ഇറിഗേഷൻ കോളനി സമഗ്രവികസനം, അടങ്കൽ തുക-525457

കരാറുകാരൻ – ശ്രീ.കെ.എ.കൊച്ചുമോൻ കൊച്ചത്ത് വീട്, പി.ഒ. കാഞ്ഞാണി.

അളവുപുസ്തകം – 4/14-15

ബിൽ നം 18/27/3/15-150619

,, 5/9/12/15-320334

മേൽപറഞ്ഞ പദ്ധതി പ്രകാരം കോളനിയിലേക്കുള്ള റോഡിൽ 454 മീറ്റർ മണ്ണ് നിറയ്ക്കൽ 93.30 മീറ്റർ ക്വാറി വേസ്റ്റ് നിറക്കൽ 115.55 മീറ്റർ പാർശ്വഭിത്തി സംരക്ഷണം എന്നിവയാണ് നടത്തിയിട്ടുള്ളത്.

3.പ്രൊജക്റ്റ് നം.20/16, ആനക്കാട് ഇറിഗേഷൻ കോളനി സമഗ്രവികസനം, അടങ്കൽ തുക-1480000

കരാറുകാരൻ – ശ്രീ. വിനോദ് .പി. പാലിശ്ശേരി ഹൗസ്,വെളുത്തൂർ പി.ഒ

അളവുപുസ്തകം – 4/09-10,13/15-16,18/15-16

ബിൽ നം.12/10/3/16-1246011

മേൽപറഞ്ഞ പദ്ധതി പ്രകാരം 443.60 മീറ്റർ റോഡിൽ സോളിങ്, മെറ്റലിങ്,ടാറിങ് പ്രവൃത്തികൾക്കുവേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. 25/4/17ന് ബ്ലോക്ക് പഞ്ചായത്തിലെ ഓവർസിയർ ഗ്രേഡ്-1 ശ്രീമതി. രതീദേവി.എൻ.എസ്. എന്നവരുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ ഇക്കാര്യം ബോദ്ധ്യപ്പെട്ടുകയുണ്ടായി. പദ്ധതി മാർഗ്ഗരേഖയിൽ പറയുന്നതിന് വ്യത്യസ്തമായി കോളനികളിലേക്കുള്ള റോഡുകൾക്കുവേണ്ടി എസ്.സി.പി.ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 അന്തിക്കാട് ആശുപത്രി ഫാർമസി കെട്ടിടം നിർമാണം -അപാകതകൾ

പ്രൊജക്റ്റ് നം. - 30/16,
അടങ്കൽ - 600000

കരാറുകാരി - ശ്രീമതി സ്മിത വി.ആർ.

ബിൽ നം - 15/26/3/14-274557, 3/24/10/16-214183

അളവുപുസ്തകം - 6/09-10

അപാകതകൾ

1. 17/8/16 ലെ 2 നം. തീരുമാനപ്രകാരം അടങ്കൽ പരിഷ്കരിക്കാനും അതിനനുസരിച്ച് കരാറുകാരനെക്കൊണ്ട് പ്രവൃത്തി ചെയ്യാനും തീരുമാനിച്ചു. പരിഷ്കരിച്ചത് പ്രകാരം 16 മീറ്റർ നീളമുള്ള 32mm ന്റെ പൈപ്പ് വാങ്ങൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തി. ഇതു പ്രകാരം 31/8/16ന് അനുബന്ധ കരാർ ചമച്ചു. കാലാവധി എന്നുവരെ എന്ന് കരാറിൽ രേഖപ്പെടുത്തിയിരുന്നില്ല. പക്ഷെ അളവുപുസ്തകം പേജ് 87 പ്രകാരം ഈ ഇനം വാങ്ങിയത് 30/6/16 അളവെടുത്തതായും അളവുപരിശോധന നടത്തിയിട്ടുള്ളതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എക്സ്ട്രാ ഇനത്തിലുള്ള പ്രവൃത്തി നിർവ്വഹിച്ച ശേഷം അനുബന്ധ കരാർ ചമച്ചിട്ടുള്ളത് ക്രമവിരുദ്ധമായ നടപടിയാണ്.
2. 30/5/16 ലെ 6-ാം നമ്പർ തീരുമാനപ്രകാരം പുതുതായി പണിത ഫാർമസി കെട്ടിടത്തിൽ ചോർച്ചയുള്ളതായും കരാറുകാരനെകൊണ്ട് പരിഹരിക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അപാകത പരിഹരച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഒരിടത്തും രേഖപ്പെടുത്തിയിരുന്നില്ല. പുതുതായി പണിത കെട്ടിടത്തിൽ (2016ൽ) ചോർച്ചയുണ്ടായതു കരാറുകാരിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ആയതിന്മേൽ തുടർനടപടികളൊന്നും ചൂണ്ടിക്കാണിക്കാതിരുന്നത് നിർവ്വഹണാധികാരിയുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. കെട്ടിടത്തിന് ഭാവിയിൽ ചോർച്ചയുണ്ടെന്ന കാണുന്ന പക്ഷം ആയത് കരാറുകാരിയെക്കൊണ്ട്തന്നെ പരിഹരിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ സംഭവിക്കാനുണ്ടായതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 ആലപ്പാട് സി.എച്ച്.സി.ശീതീകരണം-ഫ്രീ സർവീസ് ആനുകൂല്യം മുതലാക്കിയില്ല.

പ്രൊജക്റ്റ് നം. - 22/15, അടങ്കൽ – 150000

കരാറുകാരൻ - ശ്രീ.ജോസ് പോൾ ചിറ്റിലപ്പിള്ളി ഹൗസ്, കൊരട്ടി.

ബിൽ നം - 23/15/30/3/15-126516

ഡി.ഡി നം. - 280843/4/4/15-118925

മേൽപറഞ്ഞ പദ്ധതി പ്രകാരം വോൾട്ടാസ് കമ്പനിയുടെ 5 വർഷം വാറണ്ടിയുള്ള എ.സി. യൂണിറ്റ് വാങ്ങിയപ്പോൾ ഗ്യാരണ്ടി കാർഡിനൊപ്പം രണ്ട് ഫ്രീ സർവീസിനുള്ള കൂപ്പൺ ലഭിച്ചെങ്കിലും ആയത് ആശുപത്രി സൂപ്രണ്ടിന് കൈമാറിയത് ഒരു വർഷം കഴിഞ്ഞ് 15/7/16 ന് മാത്രമാണ്. രണ്ട് ഫ്രീ സർവ്വീസിനുള്ള ആനുകൂല്യവും പ്രയോജനപ്പെടുത്തിയില്ല എന്നും കാണുകയുണ്ടായി. (അളവുപുസ്തകം 23/13-14,24/13-14) ഫ്രീ സർവ്വീസിനുള്ള ആനുകൂല്യം മുതലാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-9 കുടിവെള്ള പദ്ധതി വാട്ടർടാങ്കിനരികെ അപകട ഭീഷണിയായി തെങ്ങ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും മണലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതുമായ മാഞ്ചേരി അകായ് കുടിവെള്ള പദ്ധതിയുടെ വാട്ടർടാങ്കിനരികെ അപകടഭീഷണിയായി തെങ്ങ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 15/17.1.15 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തെങ്ങ് മുറിച്ചുമാറ്റുന്നതിനായി ബന്ധപ്പെട്ട വ്യക്തിക്ക് കത്തയയ്ക്കുവാനും തുടർനടപടിക്കായി അസി.എക്സി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തെങ്ങിന്റെ ഉടമസ്ഥയായ ശ്രീമതി.സി.എസ് രാധ, (എം.ആർ ബാലചന്ദ്രൻ ഭാര്യ, മങ്കുഴി വീട്, കാരമുക്ക്, കണ്ടശ്ശാംകടവ്) എന്നവർക്ക് നൽകിയ 29/1/16 ലെ കത്തിന് മറുപടിയായി ഉടമസ്ഥ നൽകിയ മറുപടിയിൽ വാട്ടർടാങ്കിന് യാതൊരുതരത്തിലും അപകടം വരുത്തിവെക്കാത്ത വിധം വലിച്ചുകെട്ടിയതായി സൂചിപിച്ചിട്ടുണ്ട്. 25/4/17 ന് ബ്ലോക്ക് പഞ്ചായത്തിലെ ഓവർസിയർ ഗ്രേഡ്-1 ശ്രീമതി. എൻ.എസ്. രതീദേവി എന്നവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽപറഞ്ഞ തെങ്ങ് മറ്റേതെങ്കിലും വൃക്ഷത്തിലേക്ക് കമ്പി ഉപയോഗിച്ച് കെട്ടിയതായി കണ്ടില്ല.

മേൽപറഞ്ഞ തെങ്ങ് എത്രയും വേഗം മറ്റെതെങ്കിലും വൃക്ഷത്തിലേക്ക് വലിച്ചുകെട്ടി അപകടഭീഷണി ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീരിക്കേണ്ടതാണ്.

## 3-10 സാക്ഷരത പത്താം തരം തുല്യത പരീക്ഷയുടെ കോഴ്സ് ഫീ നൽകൽ

പ്രോജക്റ്റ് നം. – 06/15 (ജനറൽ)

ബിൽ നം.തി. – 13/26.03.15 – തുക – 33000/-

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി.

പത്താം തരം തുല്യത പരീക്ഷയുടെ കോഴ്സ് ഫീയിനത്തിൽ 22 വിദ്യാർത്ഥികളുടെ കോഴ്സ്ഫീ ആയി 33000/- രൂപ തൃശ്ശൂർ ജില്ലാ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപ്പറ്റ് രശീത് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. പരീക്ഷ എഴുതിയതിന്റേയും പാസായതിന്റേയും രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമല്ല. ഷൈലജ.എ.എസ്, ഈശ്വരൻ.എം, റെനികരാജ്, സുനിത.കെ.എം, സി.വി.വിജയ എന്നീ വിദ്യാർത്ഥികൾ പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. മാത്രമല്ല ജനറൽ പ്രോജക്റ്റ് വ്യക്തിഗത പ്രോജക്റ്റായി നടപ്പാക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നുമില്ല. മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (തുക – 33000/- രൂപ)

## 3-11 <u>വിളക്കുംപാടം കോളനി കുടിവെള്ള പദ്ധതി -അപാകതകൾ</u>

പ്രോജക്റ്റ് നം. - 48/16.എസ്.സി.പി.

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

ബിൽ നം. & തി. 09/16.09.15 - തുക - 500000/-

അരിമ്പൂർ ഗ്രാമ പഞ്ചായത്തിൽ വിളക്കുംപാടം കുടിവെള്ള പദ്ധതി പ്രകാരം 20 എണ്ണം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി ഡിഡി നം. 280978/22.09.15 പ്രകാരം 500000/- രൂപ തൃശ്ശൂർ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി. അപാകതകൾ താഴെ കൊടുക്കുന്നു.

എ)പ്രോജക്റ്റ് പ്രകാരം 20 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പ്രോജക്റ്റ് വെച്ചതെങ്കിലും കേരള വാട്ടർ അതോറിറ്റി ഹാജരാക്കിയ A1-01/2014 (B) dt.17.08.15 നമ്പർ കത്ത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 24 ഗുണഭോക്താക്കൾക്കാണ്.

ബി)എസ്റ്റിമേറ്റ് പ്രകാരം 24 കുടിവെള്ള കണക്ഷനുകളുടെ ഒരു വർഷത്തെ വെള്ളക്കരമിനത്തിൽ അഡ്വാൻസായി 14280- (24x595) രൂപ കൂടി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം വെള്ളക്കരം നൽകുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 14280/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

സി)ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

ഡി) A1-4848/15 നമ്പർ പ്രകാരം 26.11.15 ൽ കേരള വാട്ടർ അതോറിറ്റിയുമായുണ്ടാക്കിയ കരാർ പ്രകാരം 2015 ഡിസംബർ 30 ന് പ്രവർത്തി ആരംഭിച്ച് 2016 മാർച്ച് 31 -ന് പണി പൂർത്തീകരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ചെലവഴിച്ച 5,00,000/-രൂപയിൽ നിരാകരിച്ച തുക കഴിച്ച് 4,85,720/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 <u>താനിപറമ്പ് കുടിവെള്ളപദ്ധതി-അപാകതകൾ</u>

പ്രോജക്റ്റ് നം. - 49/16.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി.

ബിൽ നം.& തി. 12/22.09.15 – തുക -700000/-

അരിമ്പൂർ ഗ്രാമ പഞ്ചായത്തിൽ താനിപറമ്പ് കുടിവെള്ള പദ്ധതി പ്രകാരം 36എണ്ണം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി ഡിഡി നം. 280977/22.09.15 പ്രകാരം 700000/- രൂപ തൃശ്ശൂർ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി. അപാകതകൾ താഴെ കൊടുക്കുന്നു.

എ)എസ്റ്റിമേറ്റ് പ്രകാരം 36 കുടിവെള്ള കണക്ഷനുകളുടെ ഒരു വർഷത്തെ വെള്ളക്കരമിനത്തിൽ അഡ്വാൻസായി 21420/- (36x595) രൂപ കൂടി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം വെള്ളക്കരം നൽകുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 21,420/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

സി)ഗുണഭോക്തൃ ലിസ്റ്റ് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

ഡി) A1-4847/15 നമ്പർ പ്രകാരം 26.11.15 ൽ കേരള വാട്ടർ അതോറിറ്റിയുമായുണ്ടാക്കിയ കരാർ പ്രകാരം 2015 ഡിസംബർ 30 ന് പ്രവർത്തി ആരംഭിച്ച് 2016 മാർച്ച് 31 -ന് പണി പൂർത്തീകരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും നാളിതു വരെ പണി പൂർത്തീകരിച്ചിട്ടില്ല.

മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ചെലവഴിച്ച 7,00,000/-യിൽ നിരാകരിച്ച തുക കഴിച്ച് 6,78,580/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഐ.എ.വൈ.ഭവന നിർമ്മാണം -പരാമർശങ്ങൾ

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ. പദ്ധതിയിലുൾപ്പെടുത്തി വിവിധ വർഷങ്ങളിലായി നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികളിലെ മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 2011-12(2010-11 വരെയുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്). സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ പൂർത്തീകരിക്കാത്ത വീടുകളുടെ നിലവിലെ സ്ഥിതി വിവരം താഴെ ചേർക്കുന്നു.

| വർഷം | ധനസഹായ തുക | | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം | *പൂർത്തീകരിക്കാത്ത വീടുകളുടെ നിലവിലെ സ്ഥിതി (പൂർത്തീകരിച്ച ഘട്ടങ്ങൾ) | എണ്ണം |
|---|---|---|---|---|---|---|
| | ജനറൽ | പട്ടിക ജാതി | | | | |
| 2011-12 | 2,00,000 | 200,000 | 528 | 8 | ബേസ്മെന്റ്<br>ചുമരുയരം<br>മേൽക്കൂര | 2<br>5<br>1 |
| 2012-13 | 2,00,000 | 2,00,000 | 349 | 9 | ബേസ്മെന്റ്<br>ചുമരുയരം<br>മേൽക്കൂര | 8<br>1<br>0 |
| 2013-14 | 2,00,000 | 2,00,000 | 227 | 3 | ബേസ്മെന്റ്<br>ചുമരുയരം<br>മേൽക്കൂര | 1<br>2<br>0 |

| | | | | | | |
|---|---|---|---|---|---|---|
| 2014-15 | 2,00,000 | 3,00,000 | 298 | 15 | ബേസ്മെന്റ്<br>ചുമരുയരം<br>മേൽക്കൂര | 9<br>6<br>0 |
| 2015-16 | 2,00,000 | 300000 | 387 | 50 | ബേസ്മെന്റ്<br>ചുമരുയരം<br>മേൽക്കൂര | 37<br>12<br>1 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നിലച്ച അവസ്ഥയിലാണ്. ഗുണഭോക്താക്കളുമായി ചമച്ച കരാർ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 2005-06 മുതൽ 2010-11 വരെ 112 ഗുണഭോക്താക്കൾക്കെതിരെയും പിന്നീടുള്ള വർഷങ്ങളിൽ 39 ഗുണഭോക്താക്കൾക്കെതിരെയും റവന്യൂ റിക്കവറി വഴി തുക തിരിച്ചു പിടിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഐ.എ.വൈ പദ്ധതിയിൽ 2011-12 മുതൽ ധനസഹായ തുക 2,00,000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതം 50,000/- രൂപയും, കേന്ദ്രവിഹിതം 70,000/- രൂപയും ബാക്കി 80,000/- രൂപ 40%/ 35%/ 25% അനുപാതത്തിൽ ബ്ലോക്ക്/ജില്ലാ/ഗ്രാമപഞ്ചായത്ത് വിഹിതവുമാണ്. 2015-16 മുതൽ എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് അധിക ധനസഹായമായി 1,00,000/- രൂപ നൽകുന്നതിനും ടി തുക പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കണമെന്നും ടി തുക ലഭിക്കാത്ത പക്ഷം തദ്ദേശ ഭരണസ്ഥാപനങ്ങൾ ഇതിനാവശ്യമായ തുക വകയിരുത്തുന്നതിനും.7.10.16ലെ സ.ഉ.(സാ)2850/2016/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. സംസ്ഥാന വിഹിതമായി 4,50,000/-രൂപയും പട്ടിക ജാതി വികസന വകുപ്പിൽ നിന്നും 10,80,000/- രൂപയും ലഭിക്കുവാനുണ്ട്.

2016-17 മുതൽ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി നേരിട്ട് ആനുകൂല്യം നൽകുന്ന DBT സംവിധാനം ഏർപ്പെടുത്തുന്നതിനാൽ കേന്ദ്ര വിഹിതമായി വിവിധ വർഷങ്ങളിൽ ലഭിച്ച തുകയിൽ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന 1,86,96,641/-രൂപ 13.5.16 നം ലഭിച്ച 378158 രൂപ 28.03.17നുമായി ആകെ 1,90,74,799/- രൂപ ദാരിദ്ര്യ ലഘൂകരണ വിഭാഗം, തൃശ്ശൂരിന് തിരികെ അടവാക്കുകയുണ്ടായി.

നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ സ.ഉ.(ആർ.ടി)497/2011/ത.സ്വ.ഭ.വ തിയതി.17.2.11 പ്രകാരം സർക്കാരിന്റെ വിവിധ ഏജൻസികളോ, വകുപ്പുകളോ നടപ്പാക്കിയ പദ്ധതി പ്രകാരം ഭാഗികമായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പൂർത്തിയായ ഘട്ടങ്ങളുടെ അളവ് രേഖപ്പെടുത്തി പൂർത്തീകരിക്കാനുള്ള ഘട്ടങ്ങളുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ തയ്യാറാക്കിയ ശേഷം ഐ.എ.വൈ. വിഹിതത്തിന് ഉപരിയായി നൽകേണ്ട അധിക വിഹിതം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള അനുപാതത്തിൽ വകയിരുത്തുന്നതിനും പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ ധനസഹായ തുകയിൽ നിന്ന് മുൻപ് നൽകിയ തുക കുറവ് ചെയ്തതിന് ശേഷമുള്ള ബാക്കി തുക പൂർത്തീകരണത്തിന് നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ സ.ഉ.(എം.എസ്)4/2016 തിയതി.11.1.16 ഖണ്ഡിക 9 (v) പ്രകാരം ഐ.എ.വൈ അധിക വിഹിതം നൽകുന്നതിനുള്ള തുക നിർബന്ധമായും വകയിരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ സമ്പൂർണ്ണ ഭവന നിർമ്മാണം എന്ന അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് ഊന്നൽ നൽകി പദ്ധതി

പൂർത്തീകരിക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>പരിഹാര നിർദ്ദേശങ്ങൾ</u>

1. നിലവിൽ പൂർത്തിയായ ഘട്ടങ്ങളുടെ വാല്യുവേഷൻ നടത്തണം, പൂർത്തീകരിക്കേണ്ട ഘട്ടങ്ങളുടെ നിലവിലെ നിരക്ക പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കണം.

2. സംയുക്ത പ്രോജക്ട് എന്ന നിലയിൽ മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക ലഭിക്കുന്നതിനായി സ്പിൽ ഓവറായി പ്രോജക്ട് തയ്യാറാക്കുന്നതിനും ആവശ്യമായ തുക വകയിരുത്തുന്നതിനുമായി ഈ വിഷയം സ.ഉ.(എം.എസ്) നം. 4/16 തിയതി 11.1.16 ഖണ്ഡിക 11.11.1എ യിൽ നിർദ്ദേശിക്കുന്ന രീതിയിൽ പ്രത്യേക യോഗം ചേർന്ന് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

3. സംസ്ഥാന വിഹിതം ലഭിക്കുന്നതിനായി ആവശ്യമായ സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കുകയും സംസ്ഥാന സർക്കാരിൽ നിന്നും തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

4. മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും തുക ലഭ്യമാകുന്നില്ലായെങ്കിൽ ടി വിഹിതം കൂടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വകയിരുത്തുന്നതിന് സർക്കാരിന്റേയോ/കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയോ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

5. പട്ടികജാതിയിൽപെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി നിർദ്ദേശിച്ച അധിക ധനസഹായം പട്ടികജാതി പട്ടിക വർഗ്ഗ വികസനവകുപ്പിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

6. ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നത് ഉറപ്പു വരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ കരാറിലുൾപ്പെടുത്തണം.

7. പദ്ധതിയുടെ സമയബന്ധിതമായ മോണിറ്ററിംഗ് ഉറപ്പു വരുത്തണം.

## 3-14 <u>ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.</u>

2014-15,2015-16 വർഷങ്ങളിൽ ആരംഭിച്ച് നാളിതു വരെ പണി പൂർത്തികരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് മേൽവിലാസം | നൽകിയ തുക |
|---|---|---|
| | 2014-15 ജനറൽ | |
| 1 | സ്മിത സുധീരൻ, അന്തിക്കാട് | 138825 |
| 2 | രേണുക പ്രേംലാൽ അന്തിക്കാട് | 157500 |
| 3 | രശ്മി രാജേഷ് തച്ചംപിള്ളി, അരിമ്പൂർ | 65500 |
| 4 | സൈനബ ഹൈദ്രോസ് അമ്പലത്തുവീട്ടിൽ, ചാഴൂർ | 37500 |

| | | |
|---|---|---|
| 5 | ഔസേപ്<br>അരിമ്പൂര്, നൊരയൻ, മണലൂർ | 89500 |
| | 2014-15 (എസ്.സി) | |
| 6 | തങ്ക, കുണ്ടു ഹൗസ്<br>അന്തിക്കാട് | 174500 |
| 7 | സിന്ധു കരുത്തേതിൽ<br>അരിമ്പൂർ | 189500 |
| 8 | ഷർമ്മിള വിനോദൻ,<br>മച്ചാട്ടിൽ, അരിമ്പൂർ | 189500 |
| 9 | സുനിത ചെറുപറമ്പിൽ<br>അരിമ്പൂർ | 179500 |
| 10 | സിജി സാലിവാഹനൻ<br>അടാട്ട് ഹൗസ്, ചാഴൂർ | 139500 |
| 11 | അജിത പ്രിയ വത്സൻ,<br>വല്ലത്ത്, ചാഴൂർ | 37500 |
| 12 | അന്ന ബിജു<br>പങ്ങാരത്ത്, ചാഴൂർ | 69500 |
| 13 | കവിത മണി<br>കുമ്പളത്തറ, മണലൂർ | 20000 |
| 14 | സന്ധ്യ രവി പടാട്ട്<br>മണലൂർ | 189500 |
| 15 | രുഗ്മിണി കേശവൻ<br>പൂക്കാട്ട്, താന്ന്യം | 20000 |
| | 2015-16 (ജനറൽ,മൈനോരിറ്റി) | |
| 16 | അമ്മിണി കുട്ടപ്പൻ<br>ചുള്ളിപറമ്പിൽ, അരിമ്പൂർ | 30000 |
| 17 | രാധാകൃഷ്ണൻ<br>പട്ടത്ത്, താന്ന്യം | 65500 |
| 18 | ഉഷ റഷീദ്<br>രായംമരക്കാർ, അന്തിക്കാട് | 17500 |
| 19 | ലില്ലി വർഗ്ഗീസ് | 30000 |

| | | |
|---|---|---|
| | എലുവത്തിങ്കൽ, അന്തിക്കാട് | |
| 20 | ഷൈല ഹരിദാസ്<br>വാലിയിൽ, അന്തിക്കാട് | 151500 |
| 21 | ലൂസി അന്തോണി<br>തട്ടുപറമ്പിൽ, അരിമ്പൂർ | 62000 |
| 22 | ആഷിത സജിദ്<br>കാരപ്പുറത്ത്,ചാഴൂർ | 17500 |
| 23 | അനിത മേരി ജോയ്<br>പൊലുവീട്ടിൽ, മണലൂർ | 17500 |
| 24 | ഐഷാബീവി നസീം<br>അമ്പലത്തു വീട്ടിൽ, താന്ന്യം | 168000 |
| 25 | ഷൈല അബ്ദുൾഖാദർ<br>കരിപ്പാംകുളം,താന്ന്യം | 97500 |
| | 2015-16 (എസ്.സി) | |
| 26 | ലിജി<br>പങ്ങാടത്ത്, അന്തിക്കാട് | 49500 |
| 27 | ബിന്ദു സുകുമാരൻ<br>ചക്കാലപുറത്ത്,അന്തിക്കാട് | 49500 |
| 28 | സുധ രാഗേഷ്<br>മമ്പുള്ളി, അന്തിക്കാട് | 65500 |
| 29 | ഷൈല ഹരിദാസ്<br>വാലയിൽ, അന്തിക്കാട് | 151500 |
| 30 | ശിവരാമൻ<br>മമ്പുള്ളി, അന്തിക്കാട് | 111500 |
| 31 | ഷിബി ഷിജു<br>ചോനാട്ട്, അന്തിക്കാട് | 261500 |
| 32 | ചന്ദ്രു രാമൻ<br>പൂക്കാട്ട്, അന്തിക്കാട് | 17500 |
| 33 | രാജൻ ഗണപതി<br>പാനോക്കിൽ, അന്തിക്കാട് | 17500 |

| | | |
|---|---|---|
| | | |
| 34 | അമ്മിണി<br>പങ്ങാടത്ത്, അന്തിക്കാട് | 49500 |
| 35 | സ്മിത ഉണ്ണികൃഷ്ണൻ<br>ചാരേക്കാട്ടിൽ, അരിമ്പൂർ | 69500 |
| 36 | കാർത്ത്യായനി<br>വീരൻ, അരിമ്പൂർ | 90000 |
| 37 | സരോജിനി കുട്ടൻ<br>കരിയാട്ടിൽ, അരിമ്പൂർ | 16950 |
| 38 | അജിത സുധീർ<br>പോരാടൻ, അരിമ്പൂർ | 97500 |
| 39 | ലത വേലായുധൻ<br>പൂവത്തിങ്കൽ, അരിമ്പൂർ | 17500 |
| 40 | സരസ്വതി ഉണ്ണിമോൻ<br>കണ്ണോത്ത്, അരിമ്പൂർ | 17500 |
| 41 | കുമാരൻ<br>വലപ്ലാത്തിൽ, അരിമ്പൂർ | 229500 |
| 42 | ബിനി വിജയകുമാർ<br>അരിമ്പൂർ | 97500 |
| 43 | തിലകൻ<br>ശങ്കരംകണ്ടത്ത്, ചാഴൂർ | 17500 |
| 44 | സുനിൽ ചന്ദ്രൻ<br>എയിരിപറമ്പിൽ, ചാഴൂർ | 69500 |
| 45 | വള്ളിയമ്മ<br>കാറ്റിനേടത്ത്, ചാഴൂർ | 37500 |
| 46 | ലത ജയരാജ്<br>തച്ചാട്ട്, ചാഴൂർ | 17500 |
| 47 | രമണി സുരേഷ് പെരുമ്പിടി<br>ചാഴൂർ | 30000 |
| 48 | സതീരത്നം | 17500 |

| | | |
|---|---|---|
| | തച്ചാട്ട്, ചാഴൂർ | |
| 49 | വാസന്തി ബാബു<br>പഴവിൽ, ചാഴൂർ | 17500 |
| 50 | മല്ലിക വേലായുധൻ<br>തോട്ടപ്പുള്ളി, ചാഴൂർ | 17500 |
| 51 | സിന്ധു രാമദാസ്<br>ചീരു കുളങ്ങര, ചാഴൂർ | 17500 |
| 52 | അമ്മിണി<br>കാറ്റാടി, ചാഴൂർ | 119500 |
| 53 | വിബിനി വിജയൻ<br>പുതിയേടത്ത്, ചാഴൂർ | 127500 |
| 54 | അയ്യ വേലായുധൻ<br>മലയാറ്റിൽ, ചാഴൂർ | 239500 |
| 55 | ലീല കുഞ്ചാത്തൻ<br>പെരുമ്പട, ചാഴൂർ | 189500 |
| 56 | നമിഷ ബിനു<br>പുന്നയിൽ, ചാഴൂർ | 119500 |
| 57 | സൗദാമിനി കുട്ടൻ<br>കേളുപുരക്കൽ, ചാഴൂർ | 229500 |
| 58 | സുഭദ്ര കുമാരൻ<br>അപ്പനാടത്ത്, ചാഴൂർ | 17500 |
| 59 | ഉഷ സുബ്രഹ്മണ്യൻ<br>എളയേടത്ത്, മണലൂർ | 207500 |
| 60 | ഷൈനി മോൾ സാഗരൻ<br>വാലയിൽ, മണലൂർ | 17500 |
| 61 | ബീന.സി.വി.<br>പച്ചാംപുള്ളി, താന്ന്യം | 289500 |
| 62 | കൃഷ്ണപ്രിയ<br>കങ്ക, താന്ന്യം | 77500 |
| 63 | സീത.എം.ആർ<br>തെറ്റില, താന്ന്യം | 104500 |

| | | |
|---|---|---|
| 64 | സിസ്ധു രതീഷ്<br>അരക്കപറമ്പിൽ, താന്ന്യം | 17500 |
| 65 | സുമി ചന്ദ്രൻ<br>തോട്ടപ്പുള്ളി, താന്ന്യം | 30000 |
| 66 | പുഷ്പ സുരേഷ്<br>തെക്കൻ, താന്ന്യം | 17500 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

2015-2016

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിളക്കും പാടംകോളനി കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ സ്ഥാപിക്കൽ | DD No.280978/ 22.09.2015 | 500000 | | 500000 |
| വാട്ടർ അതോറിറ്റി | താനിപറമ്പ് കുടിവെള്ള | DD No.280977/22.09.2015 | 700000 | | 700000 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി- പൈപ്പ് ലൈൻ സ്ഥാപിക്കൽ | | | | |

ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പണി പൂർത്തീകരിക്കാതെ അക്കൗണ്ട്സിൽ fixed Assets-Drinking water pipelines ഹെഡിൽ 12,00,000/- രൂപ ആസ്തിയായി എടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് വിശദീകരണം നൽകേണ്ടതാണ്

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| I.A.Y ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നല്കുന്നതിന് | സ.ഉ.(എം.എസ്) നമ്പർ 90/13 തസ്വഭവ, തിയതി 14/3/14 | 1050000 (ആലപ്പാട് പുള്ള് SCB) 1050000 (ചാഴൂർ SCB) | 2100000 | 2100000 | 82108 53399 | പലിശയിനത്തിൽ ബാക്കി ഇനിയും അടയ്ക്കാനുണ്ട് |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2014-15

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87,526,869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 111,933,924 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 33000/- |

2015-16

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 75,308,143 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79,434,439 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 35700/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1164300/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | - | 14280 | ശ്രീ. ടി.ജി. അഭിജിത്ത്, സെക്രട്ടറി |
| 3-12 | - | 21420 | ശ്രീ. ടി.ജി. അഭിജിത്ത്, സെക്രട്ടറി |
| | | 35700 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 33000 | ശ്രീ ടി.ജി.അഭിജിത്ത്, സെക്രട്ടറി |
| 3-11 | 485720 | ശ്രീ ടി.ജി.അഭിജിത്ത്, സെക്രട്ടറി |
| 3-12 | 678580 | ശ്രീ ടി.ജി.അഭിജിത്ത്, സെക്രട്ടറി |
| ആകെ | 1197300 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അഭിജിത്ത്. ടി.ജി., സെക്രട്ടറി, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് | അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്, സെക്രട്ടറി | തലോണക്കാട്ടിൽ ഹൗസ്, തങ്ങലോർ. പി.ഒ., എടക്കുളം, തൃശ്ശൂർ – 680596 |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | എൽ.എഫ്.ടി.15-1468/98/10.5.99 | |
| 1998-99 ചെലവ് | എൽ.എഫ്.ടി.15-1775/06/5.3.07 | |
| 1998-99വരവ് | എൽ.എഫ്.ടി.21-69/08/13.4.09 | |
| 1999-2000 | എൽ.എഫ്.ടി.21-70/08/13.4.09 | |
| 2000-01 | എൽ.എഫ്.ടി.21-71/08/13.4.09 | |
| 2001-02 | എൽ.എഫ്.ടി.21-72/08/13.4.09 | |
| 2002-03 | എൽ.എഫ്.ടി.21-73/08/13.4.09 | |
| 2003-04 | എൽ.എഫ്.ടി.21-75/08/13.4.09 | |
| 2004-05 | എൽ.എഫ്.ടി.(ബി.പി)385/11/ 17.9.11 | |
| 2005-06 | എൽ.എഫ്.ടി.(ബി.പി)386/11/ 17.9.11 | |
| 2006-07 | എൽ.എഫ്.ടി.(ബി.പി)387/11/ 17.9.11 | |
| 2007-08 | എൽ.എഫ്.ടി.(ബി.പി)388/11/ 17.9.11/15.10.13 | |
| 2008-09 to10-11 | എൽ.എഫ്.ടി.(ബി.പി)1475/12/ 15.2.13/26.03.13 | |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ടി.(ബി.പി)229/13/ 15.4.13/3.8.13 | |
| 2012-13 | എൽ.എഫ്.ടി.(ബി.പി)1276/2014/ 10.10.14/12.11.14 | |
| 2013-14 | കെ എസ് എ ടി എസ് ആർ(ബിപി2)1683/2015<br>തീയതി 5.12.2015/7.1.2016 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ